II ഇ.ബി. XIകേരള നിയമസഭ/IV29

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 26, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

220 (*663) സഹകരണ ഇലക്ഷൻ കമ്മീഷൻ

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി.രാഘവൻ)) നൽകിയ മറുപടിയിൽ, 7–3–2001–ലെ ഉത്തരവുപ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നതായി സഭയെ അറിയിച്ചു. ഏകാംഗ കമ്മീഷനായ ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. 1969–ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 28ബി(2)–ൽ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ആഫീസറെ കമ്മീഷനായി അഞ്ചു വർഷത്തേക്ക് നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 6–4–2002–ലെ ഉത്തരവുപ്രകാരം നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. സി.വി.സുബ്രഹ്മണ്യത്തിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വായ്പാ, അപ്പക്സ്, സെൻട്രൽ, ഫെഡറൽ സഹകരണ സംഘങ്ങളുടെ കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന്റെ മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. 9–11–2001–ലെ ഉത്തരവുപ്രകാരം സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാറുടെ പദവിയിലുള്ള ഒരു തസ്തികയും മറ്റ് അത്യാവശ്യ തസ്തികകളും അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് പുതിയ തസ്തികകൾ അനുവദിക്കാതെ ഡിപ്പാർട്ടുമെന്റു സ്റ്റാഫിനെത്തന്നെ കമ്മീഷന്റെ പ്രവർത്തനത്തിനായി നിയോഗിച്ചിട്ടുള്ളത്. നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടാണ് സഹകരണ ഇലക്ഷൻ കമ്മീഷൻ തെരഞ്ഞെടുപ്പ് നടത്തുന്നതെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

221 (*664, *674) ഐ.ടി. 2002 സ്പെഷ്യൽ പാക്കേജ് പദ്ധതി

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, പുതിയ ഐ.ടി. നയത്തിന്റെ ഭാഗമായി സ്പെഷ്യൽ ഇൻസെന്റീവ് പാക്കേജ്

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സഭയെ അറിയിച്ചു. 2002 ആഗസ്റ്റ് ഒന്നു മുതൽ നാലുവരെ തിരുവനന്തപുരം ടെക്നോപാർക്കിൽവച്ച് 'ഐ.ടി. കേരള 2002' എന്ന ഈവന്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര കൺവെൻഷൻ, ഐ.ടി. ഡിസിമിനേഷൻ പ്രോഗ്രാം, ഐ.ടി.യുടെ ഉപഭോഗത്തെപ്പറ്റി അവബോധം സൃഷ്ടിക്കൽ എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ മേള അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ ഐ.ടി. സാദ്ധ്യതകൾ അറിയിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. കേരളത്തിന്റെ ഐ.ടി. വ്യവസായ സാദ്ധ്യതകൾ, ഇ-ഗവർണൻസ് രംഗത്തുള്ള പദ്ധതികൾ, സർക്കാർ നയങ്ങൾ, മനുഷ്യ വിഭവശേഷിയുടെ ലഭ്യത എന്നിവ അന്താരാഷ്ട്ര വ്യവസായ സമൂഹത്തിന് വിശദീകരിക്കാനുതകുന്ന രീതിയിലാണ് ഐ.ടി. കേരള 2002 ആവിഷ്കരിച്ചിട്ടുള്ളത്. ഐ.ടി. എനേബിൾഡ് സർവീസ്, സോഫ്റ്റ് വെയർ, ഹാർഡ് വെയർ, എന്നീ മേഖലകളിലാണ് ഇതുമൂലം പ്രയോജനമുണ്ടാകുന്നത്. സർക്കാർ പ്രഖ്യാപിച്ച പുതിയ ഐ.ടി. ഇൻസെന്റീവ് പാക്കേജ് കൂടുതൽ ഐ.ടി. കമ്പനികളെ കേരളത്തിൽ നിക്ഷേപം നടത്തുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. വിദേശയാത്രയുടെ ഫലമായി ഐ.ടി. ഹെഡ് ക്വാർട്ടേഴ്സായ സിലിക്കൺവാലി സന്ദർശിക്കുകയും ഐ.ബി.എം., മെരിലാൻഡ് തുടങ്ങിയ വൻകിട കമ്പനി ഉടമകളുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമായി അൻപതോളം അമേരിക്കൻ നിക്ഷേപകർ കേരളത്തിൽ മുതൽമുടക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. തുടർ ചർച്ചകളും സന്ദർശനങ്ങളും കൊണ്ടു മാത്രമേ ഇത് വിജയകരമാക്കുവാൻ കഴിയുകയുള്ളൂ. ഐ.ടി. രംഗത്ത് കേരളത്തിൽ നിക്ഷേപം നടത്തുന്നവർ കൂടുതൽ ആളുകൾക്ക് ജോലി കൊടുത്താൽ അവർക്ക് കൂടുതൽ ഇൻസെന്റീവ് നൽകുന്നതും ഹാർഡ് വെയർ നിക്ഷേപത്തിന് സന്നദ്ധതയുള്ളവർക്ക് സ്പെഷ്യൽ ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കുന്നതുമാണ്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റും പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമയും സെന്റർ ഓഫ് എക്സലൻസ് കോഴ്സും ഐ.ടി. വിദ്യാഭ്യാസരംഗത്ത് ആരംഭിക്കുന്നതാണ്. മെഡിക്കൽ കോളേജ്, ആർ.സി.സി. സ്ഥാപനങ്ങളെ ലക്ഷദ്വീപുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ടെലി ഹെൽത്ത് പ്രോജക്ട് സാങ്ഷൻ ചെയ്തു കിട്ടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച മാർഗ്ഗരേഖകൾ അനുസരിച്ച് വൻകിട പദ്ധതികൾക്ക് ധനസഹായം ലഭ്യമല്ലാത്തതിനാൽ ചെറിയചെറിയ പദ്ധതികൾ രൂപപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ശ്രമഫലമായി 500 ഫോർച്ച്യൂൺസിൽപ്പെടുന്ന 24/7 ഡോട്ട്കോം എന്ന വൻകിട കമ്പനി കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള എഗ്രിമെന്റിൽ ഒപ്പിട്ടുകഴിഞ്ഞു. ഏകദേശം 1500 ആളുകൾക്ക് ഈ കമ്പനിയിൽ ജോലി ലഭിക്കുന്നതാണ്. മറ്റ് മൂന്നു കമ്പനികൾ അടുത്ത മാസങ്ങളിൽത്തന്നെ നിക്ഷേപം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടു വന്നിട്ടുണ്ട്. അയ്യായിരത്തോളം പേർക്ക് തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. രാജ്യാന്തര നിലവാരമുള്ള ബിസിനസ് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഉടനെ അത് തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ ആരംഭിക്കുന്ന സ്വകാര്യ കമ്പനികളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് നിർബന്ധിക്കാൻ കഴിയുകയില്ല. എന്നാൽ ടാലന്റഡ് ആയിട്ടുള്ള വികാലാംഗർക്കും പിന്നോക്ക വിഭാഗക്കാർക്കും അവസരം ലഭിക്കും. അതിനാൽ കൂടുതൽ പ്രാഗൽഭ്യമുള്ളവരെ ഈ രംഗത്ത് സൃഷ്ടിക്കുന്നതിന് കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതാണ്. കാൾ സെന്റേഴ്സിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്

ഡിഗ്രിയുള്ളവർക്ക് ഇംഗ്ളീഷ് ഭാഷ ഉച്ചാരണശുദ്ധിയോടെ സംസാരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകുന്നതാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ലാൻഡ്ഫോൺ, മൊബൈൽ ഫോൺ, ഓപ്റ്റിക്കൽ ഫൈബർ, SAFE, SEAMEWE3 തുടങ്ങിയ അന്തർദേശീയ ലൈൻ കണക്ടിവിറ്റി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കേരളത്തിൽ കൂടുതലുള്ളതായി ഇപ്പോൾ വൻകിട നിക്ഷേപകരെപോലും ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി ഐ.ടി. രംഗത്ത് സമഗ്ര വികസന പദ്ധതികൾ ആരംഭിക്കുന്നതാണ്. പരിഷ്കൃത രാജ്യങ്ങളിൽ നിലനിൽക്കുന്ന വ്യാവസായിക തൊഴിൽ ബന്ധങ്ങൾ കേരളത്തിലെ നിക്ഷേപകർക്കും ബാധകമായിരിക്കും. സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് ഐ.ടി.അറ്റ് സ്കൂൾ പദ്ധതി പ്രാവർത്തികമാക്കും. കമ്പ്യൂട്ടർ സാക്ഷരത വ്യാപകമാക്കുന്നതിന് മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. ഐ.ടി. രംഗത്തുള്ള നിക്ഷേപകർക്ക് ബാങ്കുകൾ വഴി സാമ്പത്തികസഹായം ലഭ്യമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

222(*665) റെയിൽവേ വികസനത്തിന് കേരളത്തിനുള്ള വിഹിതം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ്കുമാർ) നൽകിയ മറുപടിയിൽ, റെയിൽവേ മന്ത്രാലയം റെയിൽവേ ബഡ്ജറ്റിൽ വിഹിതം ഉൾക്കൊള്ളിക്കുന്നത് റെയിൽവേ സോണുകൾക്കാണെന്നും അതനുസരിച്ച് സതേൺ റെയിൽവേയുടെ വിവിധ പദ്ധതികൾക്കുള്ള 2002-2003-ലെ ബഡ്ജറ്റ് ഗ്രാന്റ് 1728.47 കോടി രൂപയാണെന്നും 2001-2002-ലേത് 1470.82 കോടി രൂപയായിരുന്നുവെന്നും സഭയെ അറിയിച്ചു. റെയിൽവേ സുരക്ഷാനിധിയിൽനിന്നും 2002-2003-ൽ 180.57 കോടി രൂപ സതേൺ റെയിൽവേക്കുള്ള ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റെയിൽവേ വികസനം സംബന്ധിച്ച് എം.എൽ.എ. മാരും എം.പി.മാരുമായി നടത്തിയ ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ എട്ട് ആവശ്യങ്ങൾ നിവേദന രൂപത്തിൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എറണാകുളം-തിരുവനന്തപുരം റെയിൽപാതയുടെ വൈദ്യുതീകരണത്തിന് 15 കോടി രൂപയും അങ്കമാലി-ശബരിമല പാതയ്ക്ക് പത്തു കോടി രൂപയും കോട്ടയം-എരുമേലി പാതയ്ക്ക് ഒരു ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതിനു പുറമെ നഞ്ചൻകോട്-മൈസൂർ പാതയയുടെ സർവെ ആരംഭിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. അൻപതോളം മേൽപാലങ്ങളുടെ പണി ആരംഭിക്കുന്നതു സംബന്ധിച്ച് മരാമത്തു വകുപ്പുമായി ചർച്ച നടന്നുവരുന്നു. കാലപ്പഴക്കമുള്ള പാലങ്ങൾ പുതുക്കി പണിയുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. അടുത്ത വർഷം മുതൽ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പായി എം.പി. മാരുമായി ചർച്ച നടത്തുന്നതിനും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും നിവേദനങ്ങൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുന്നതുമാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു..

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

223(*666) സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി നടത്തിപ്പിനുവേണ്ടി കേന്ദ്രം അനുവദിച്ച തുക

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി നടത്തിപ്പിനുവേണ്ടി 2001–2002–ൽ കേന്ദ്രം അനുവദിച്ച 76,38,23,410 രൂപയിൽ 54,20,44,181 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

224(*672) <u>യുവജനങ്ങൾക്ക് തൊഴിൽ പദ്ധതി</u>

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് തൊഴിൽരഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ കെസ്റു–99–ന്റെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും എംപ്ളോയ്മെന്റ് ആഫീസർ (സെൽഫ് എംപ്ലോയ്മെന്റ്) അല്ലെങ്കിൽ എംപ്ളോയ്മെന്റ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ഒരു ആഫീസർ മെമ്പർ സെക്രട്ടറിയും വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, റവന്യു വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് (അതാത് പഞ്ചായത്തുകൾ നാമനിർദ്ദേശം ചെയ്തവർ) എന്നിവയുടെ ഓരോ പ്രതിനിധികൾ മെമ്പർമാരുമായി ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഈ സമിതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ അപേക്ഷകൻ അനുയോജ്യനാണോയെന്നും സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പാക്കുവാൻ സാദ്ധ്യമായതാണോ എന്നുമുള്ള കാര്യങ്ങൾ പരിശോധിക്കുകയും പ്രോജക്ട് അംഗീകരിച്ചശേഷം ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

201 (4230) <u>വാഹനങ്ങൾക്കുള്ള പെർമിറ്റ്</u>

സംസ്ഥാനത്ത് 1–4–2001 മുതൽ 31–3–2002 വരെ 39235 വാഹനങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. .

202 (4252) <u>ജലപാതകൾ വികസിപ്പിക്കുന്നതിന് നടപടി</u>

സംസ്ഥാനത്ത് താഴെപ്പറയുന്ന ജലപാതകൾ വികസിപ്പിക്കാനുദ്ദേശിക്കുന്നു.

കൊല്ലം–കോട്ടപ്പുറം ദേശീയ ജല പാത,
കൊറ്റി–കോട്ടപ്പുറം ജലപാത,
കൊറ്റി–വളപട്ടണം–പറശ്ശിനിക്കടവ് ജലപാത,
കോവളം–കൊല്ലം–ടി.എസ്.കനാൽ,
ആലപ്പുഴ–ചങ്ങനാശ്ശേരി കനാൽ,
ആലപ്പുഴ–കോട്ടയം കനാൽ,
കോട്ടയം–വൈക്കം കനാൽ,
ഉദ്യോഗമണ്ഡൽ–ചമ്പക്കര കനാലുകൾ,
കൊച്ചി–നെടുമ്പാശ്ശേരി കനാൽ,
കോട്ടപ്പുറം–അങ്ങത്തോട് പി.സി. കനാൽ,
വളപട്ടണം–മാഹി കനാൽ,
വടകര–മാഹി കനാൽ,
ബേപ്പൂർ–കല്ലായി കനാൽ,
ഏലത്തൂർ–കല്ലായി കനാൽ (കനോലി കനാൽ)

.....